"ഭരണഭാഷ -മാതൃഭാഷ"

# വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ജാഫർ മാലിക് IAS)

**ഉത്തരവ് നം. ICDS/B2/13813/18** തീയതി: 24..7..2018

==================================== ====================

വിഷയം :വനിത ശിശുവികസന വകുപ്പ് - NNM - ICDS ലോകമുലയൂട്ടൽ വാരാചരണം - 2018 സംഘടിപ്പിക്കുന്നതിന് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :1) കേന്ദ്ര വനിത ശിശുവികസന മന്ത്രാലയത്തിലെ 29/6/18 ലെ DO No. ND-IE-17/2018/ND-IE നമ്പർ കത്ത്.

:2) ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.

ലോക മുലയൂട്ടൽ വാരാചരണം അതിന്റെ എല്ലാവിധ പ്രാധാന്യത്തോടും കൂടി 2018 ഓഗസ്റ്റ് 1 മുതൽ 7 വരെ വിപുലമായ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ആയത് സംബന്ധിച്ച് പരാമർശം (3) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് സാമൂഹ്യ അവബോധം സൃഷ്ടിക്കുക എന്നതാണ് ടി പരിപാടിയുടെ ലക്ഷ്യം.

തിരുവനന്തപുരം ജില്ല ഒഴികെ 13 ജില്ലകളിലും മുലയൂട്ടൽ വാരാചരണം ജില്ലാതലത്തിൽ ഉദ്ഘാടനം നടത്തി പരിപാടികൾ സംഘടിപ്പിക്കുന്നതിന് 20,000/- രൂപ വീതം ആകെ 2,60,000/- രൂപ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാതല പരിപാടികൾക്ക് (13 ജില്ലകളിൽ) ചുവടെ കാണിക്കുന്ന വിധം തുക വിനിയോഗിക്കാവുന്നതാണ്.

| | | |
|---|---|---|
| Banner, Mike & Notice | - | 3,000/- |
| Hall Rent | - | 3,000/- |
| Tea, Snacks | - | 5,000/- |
| Documentation | - | 1,000/- |
| Honorarium to Resource Persons | - | 1,000/- |
| മറ്റിനങ്ങൾ | - | 7,000/- |
| | | **20,000/-** |

ടി തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-59(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. ദിനാചരണ പരിപാടികൾ നടത്തിയതിന്റെ യു.സി. എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ 2018 ഓഗസ്റ്റ് 13 നകം ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതുമാണ്.

ഒപ്പ്

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്**

1. സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി)
2. ഡയറക്ടറുടെ സി.എ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്